REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-10-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയെ കൂടുതൽ ഉയര ങ്ങളിലേക്ക് നയിക്കുന്നതിൽ ISRO യുടെ സംഭാവനകളെ രാഷ്ട്രപതി ദ്രൗപതി മുർമു പ്രകീർത്തിച്ചു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലെ പ്രതിമാസ മൻ കി ബാത്തിൽ രാവിലെ 11 ന് ജനങ്ങളുമായി സംവദിക്കും**
- **തൃശൂർ പൂരത്തിന്റെ പേരിൽ നടക്കുന്ന ആക്ഷേപങ്ങൾ കള്ള പ്രചാരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ**
- **ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ**
- **ഇന്ത്യ-ന്യൂസിലന്റ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയെ കൂടുതൽ ഉയര ങ്ങളിലേക്ക് നയിക്കുന്നതിൽ ISRO യുടെ സംഭാവനകളെ രാഷ്ട്രപതി ദ്രൗപതി മുർമു പ്രകീർത്തിച്ചു. ന്യൂഡൽഹിയിൽ ആകാശവാണി രംഗ് ഭവനിൽ സർദാർ പട്ടേൽ സ്മാരക പ്രഭാഷണം 2024 ന് നൽകിയ വീഡിയോ സന്ദേശത്തിലാണ് രാഷ്ട്രപതി ISRO യെ അഭിനന്ദിച്ചത്.

ഡെസ്ക് റിപ്പോർട്ട്

...വോയ്സ്....

സർദാർ വല്ലഭായി പട്ടേലിന്, വീഡിയോ സന്ദേശത്തിൽ രാഷ്ട്രപതി ആദരം അർപ്പിച്ചു. സ്വാതന്ത്ര്യാനന്തരം നാട്ടുരാജ്യങ്ങളെ രാഷ്ട്രീയമായി, സംയോജിപ്പിച്ച സർദാർ പട്ടേൽ ആധുനിക ഇന്ത്യയുടെ ശില്പിയാണെന്ന് അവർ പറഞ്ഞു.

അടുത്ത 10 വർഷത്തിനകം ബഹിരാകാശ സമ്പത്ത് വ്യവസ്ഥയിൽ ഇന്ത്യയുടെ സംഭാവന 10 ശതമാനമായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമെന്ന് സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തിയ ISRO ചെയർമാൻ S. സോമനാഥ് അറിയിച്ചു. ബഹിരാകാശ മേഖലയിൽ ഒട്ടേറെ പരിഷ്കരണങ്ങൾ ഗവൺമെന്റ് കൊണ്ട് വന്നതായി അദ്ദേഹം പറഞ്ഞു. 2023 ലെ ബഹിരാകാശ നയവും മേഖലയിലെ ഉദാരവൽകൃത നിക്ഷേപ അനുമതിയും ഇതിന് ഉദാഹരണമാണെന്ന് സോമനാഥ് വിശദീകരിച്ചു.

പ്രസാർ ഭാരതി ചെയർമാൻ നവനീത് സെഗാൾ, CEO ഗൗരവ് ദ്വിവേദി, ആകാശവാണി ഡയറക്ടർ ജനറൽ ഡോ. പ്രജ്ഞാ പലിവാൾ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

സ്പാനിഷ് പ്രസിഡന്റ് പെഡ്രോ സാഞ്ചസ് മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് ഇന്ത്യയിലെത്തും. സാഞ്ചസിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. സന്ദർശന വേളയിൽ സ്പാനിഷ് പ്രസിഡന്റ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി പ്രതിനിധിതല ചർച്ചകൾ നടത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലെ പ്രതിമാസ മൻ കി ബാത്തിൽ രാവിലെ 11 ന് ജനങ്ങളുമായി സംവദിക്കും. മൻ കി ബാത്തിന്റെ 115-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാണ്. AIR NEWS, DD NEWS പ്രധാനമന്ത്രിയുടെ ഓഫീസ്, I & B മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത്ത് കേൾക്കാം. പ്രധാനമന്ത്രിയുടെ പ്രഭാഷണത്തിന് ശേഷം കേരള നിലയങ്ങൾ മലയാള പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

തൃശൂർ പൂരത്തിന്റെ പേരിൽ നടക്കുന്ന ആക്ഷേപങ്ങൾ കള്ള പ്രചാരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അവിടെ ആചാരപരമായ കാര്യങ്ങൾ നടക്കാതെ പോയില്ലെന്നും ആകെ സംഭവിച്ചത് വെടിക്കെട്ട് അൽപം വൈകിയത് മാത്രമാണെന്നും അദ്ദേഹം വ്യക്തമാക്കി. P ജയരാജന്റെ 'കേരളം:

മുസ്ലിം രാഷ്ട്രീയം- രാഷ്ട്രീയ ഇസ്ലാം' എന്ന പുസ്തകം കോഴിക്കോട്ട് പ്രകാശനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

മുസ്ലീം ലീഗിനേയും ജമാ അത്തെ ഇസ്ലാമിയെയും ഒരേ കണ്ണടകൊണ്ടു കാണുന്നതു ശരിയാവില്ലെന്നും ലീഗ് പരിവർത്തന സംഘടയും ജമാ ജമാഅത്തെ ഇസ്ലാമി പഴയതിനെ പുനരുജ്ജീവിപ്പിക്കാൻ ശ്രമിക്കുന്ന സംഘടനയുമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. അതേസമയം മുസ്ലീം ലീഗിന്റെ അവസരവാദങ്ങൾ തുറന്ന് കാട്ടണമെന്നും പിണറായി വിജയൻ പറഞ്ഞു.

LDF ഗവൺമെന്റ് മലപ്പുറം ജില്ലയെ അപകീർ ത്തിപ്പെടുത്തിയെന്ന അടിസ്ഥാനരഹിതമായ ആരോപണമാണ് ലീഗ് പ്രചരിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, പാലക്കാട്, ചേലക്കര മണ്ഡലങ്ങളിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. ഈ മാസം 30 വരെ പത്രിക പിൻവലിക്കാം. മണ്ഡലങ്ങളിൽ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി. 21 പേർ പത്രിക നൽകിയ വയനാട്ടിലെ ലോകസഭാ ഉപതെരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.

....വോയ്സ്...

✪✪✪

പാലക്കാട് നിയമസഭ മണ്ഡലത്തിൽ മുന്നണി സ്ഥാനാർഥികളുടെ പ്രചരണം കുടുംബ സംഗമങ്ങളും ബൂത്ത് സമ്പർക്കങ്ങളുമായി അടുത്ത ഘട്ടത്തിലേക്ക് കടന്നു. മൂന്ന് മുന്നണി സ്ഥാനാർഥികളും ഇന്ന് പാലക്കാട് നഗരസഭയിലെ വിവിധ പ്രദേശങ്ങളിൽ നിന്ന് പ്രചരണം ആരംഭിക്കും.

ചേലക്കരയിലും മുന്നണികൾ പ്രചാരണം ശക്തമാക്കി. സ്ഥാനാർത്ഥികളെല്ലാം ജനങ്ങളെ നേരിൽ കണ്ട് വോട്ട് തേടുന്ന തിരക്കിലാണ്.

✪✪✪

മലയാളദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും നവംബർ ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വൈകിട്ട് ദർബാർ- ഹാളിലാണ് സംസ്ഥാനതല ഉദ്ഘാടന ചടങ്ങ്. മലയാള ഭാഷയ്ക്കു നൽകിയ സംഭാവനകൾ മുൻനിർത്തി ഏഴാച്ചേരി രാമചന്ദ്രൻ, ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ എന്നിവരെ ചടങ്ങിൽ ആദരിക്കും.

‘സമകാലിക ജനപഥം’ ഭരണഭാഷാപതിപ്പിന്റെ പ്രകാശനവും സംസ്ഥാനതല ഭരണഭാഷാപുരസ്കാര വിതരണവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

78-ാമത് പുന്നപ്ര വയലാർ രക്തസാക്ഷി വാരാചരണ പരിപാടികൾ ഇന്ന് സമാപിക്കും. അല്പസമയത്തിനകം വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ നിന്നും മേനാശ്ശേരി മണ്ഡപത്തിൽ നിന്നും വയലാറിലെ മണ്ഡപത്തിലേക്ക് ദീപശിഖ പ്രയാണം നടക്കും. വൈകിട്ട് വയലാറിലെ പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും.

✪✪✪

ഗോകുലം ഗോപാലന്റെ സാമൂഹ്യ പ്രതിബദ്ധതയാണ് അദ്ദേഹത്തെ മറ്റു വ്യവസായികളിൽ നിന്നും വ്യത്യസ്തനാക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കോവിഡ് കാലത്തും ഉരുൾപ്പൊട്ടൽ സമയത്തും അദ്ദേഹം ആശ്വാസമായെത്തിയിരുന്നു. കോഴിക്കോട് പൗരാവലിയും ഓൾ ഇന്ത്യാ മലയാളി അസോസിയേഷനും ചേർന്ന് സംഘടിപ്പിച്ച സുകൃതപഥം സ്നേഹാദരവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

ചടങ്ങിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായിരുന്നു. ഗോകുലം ഗ്രൂപ്പ് പെട്രോളിയം കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിളിലിറ്റി ഫണ്ട് പദ്ധതികൾക്ക് പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് സുരേഷ് ഗോപി അറിയിച്ചു.

✪✪✪

ഇന്ത്യ-ന്യൂസിലന്റ് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് അഹമ്മദാബാദിൽ തുടങ്ങും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരക്കാണ് മത്സരം.

വ്യാഴാഴ്ച അഹമ്മദാബാദിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ന്യൂസിലന്റിനെ പരാജയപ്പെടുത്തിയിരുന്നു.

✪✪✪

മലേഷ്യയിൽ സുൽത്താൻ ജോഹർകപ്പ് പുരുഷ ഹോക്കിയിൽ ഇന്ത്യ ന്യൂസിലൻഡിനെ പരാജയപ്പെടുത്തി. നിശ്ചിത സമയത്ത് ഇരുടീമുകളും രണ്ട് ഗോൾ വീതം നേടി സമനില പാലിച്ചതോടെ, പെനാൾട്ടി ഷൂട്ട് ഔട്ടിൽ 3-2 നാണ് ഇന്ത്യയുടെ ജയം.

✪✪✪

നേപ്പാളിൽ സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് സെമിയിൽ ഇന്ത്യൻ സീനിയർ വനിതാ ടീം ഇന്ന് നേപ്പാളിനെ നേരിടും. കാഠ്മണ്ഡുവിലെ ദശരഥ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ലക്നൗവിൽ സീനിയർ വിമെൻസ് T-20 മത്സരത്തിൽ ഹരിയാനയെ കേരളം 20 റൺസിന് തോൽപ്പിച്ചു. കേരളത്തിന് വേണ്ടി കീർത്തിയും സജനയും രണ്ട് വിക്കറ്റ് വീതവും നജിലയും ഷാനിയും ഓരോ വിക്കറ്റ് വീതവും നേടി.

✪✪✪

കോഴിക്കോട്ട് ഫയർ ആൻഡ് റെസ്ക്യൂ, ഹോം ഗാർഡ്സ്, സിവിൽ ഡിഫൻസ് സംസ്ഥാന കായികമേളയുടെ രണ്ടാം ദിവസം 202 പോയന്റുമായി പാലക്കാട് മുന്നിട്ട് നിൽക്കുന്നു. 182 പോയന്റുമായി കോഴിക്കോട് രണ്ടാം സ്ഥാനത്തും, 167 പോയന്റുമായി എറണാകുളം മൂന്നാം സ്ഥാനത്തുമുണ്ട്. ക്രിക്കറ്റ് ടൂർണമെന്റിൽ തിരുവനന്തപുരത്തെ തോൽപ്പിച്ച് കണ്ണൂർ ചാമ്പ്യന്മാരായി. ഫുട്ബാളിൽ കോഴിക്കോടിനെ ടൈ ബ്രേക്കറിൽ തോൽപ്പിച്ച് തിരുവനന്തപുരം ഫൈനലിൽ പ്രവേശിച്ചു.

✪✪✪

കാലാവസ്ഥ വ്യതിയാന ആഘാതങ്ങളെക്കുറിച്ച് മുൻകൂട്ടി അറിയാനും ആഘാതം കുറയ്ക്കാനും കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രത്തിലെ ഗവേഷണം സഹായിക്കുമെന്ന് മന്ത്രി P A. മുഹമ്മദ് റിയാസ് പറഞ്ഞു. കാലാവസ്ഥ വ്യതിയാനപഠനകേന്ദ്രം, ജലവിഭവ വികസന വിനിയോഗ കേന്ദ്രം എന്നിവയ്ക്കായി കോട്ടയത്തെ വടവാതൂരിൽ കെട്ടിടസമുച്ചയത്തിന്റെ ആദ്യഘട്ട നിർമാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കമ്മ്യൂണിസ്റ്റുകാർ സ്വയം വിമർശനം വേണമെന്ന കാര്യം മറക്കരുതെന്ന് CPIM പോളിറ്റ് ബ്യൂറോ അംഗം MA . ബേബി ആലപ്പുഴയിൽ പറഞ്ഞു. മാരാരിക്കുളം സമരത്തിന്റെ 78 -ാം വാർഷികത്തോട് അനുബന്ധിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മന്ത്രി ജി.ആർ. അനിൽ മുഖ്യ പ്രഭാഷണം നടത്തി.

✪✪✪

കോഴിക്കോട് ജില്ലക്ക് കഴിഞ്ഞ വർഷത്തെ മികച്ച രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പുരസ്കാരം ലഭിച്ചു. ശിശു ആരോഗ്യ പ്രവർത്തനങ്ങളിലെ മികവ് പരിഗണിച്ചാണ് പുരസ്കാരം.

✪✪✪

വിദേശനാണ്യവിനിമയ സ്ഥാപനത്തിന്റെ പേരിൽ 43 ലക്ഷം രൂപ തട്ടിപ്പ് നടത്തിയ സംഘത്തിലെ മുഖ്യപ്രതി കണ്ണൂരിൽ അറസ്റ്റിലായി. ഏച്ചൂർ വട്ടപ്പൊയിൽ സ്വദേശിനി ജസീറ ആണ് പിടിയിലായത്. ഫോറിൻ എക്സ്ചേഞ്ച് ട്രേഡിങ്ങിൽ പണം നിക്ഷേപിച്ചാൽ ഇരിട്ടിയായി തിരിച്ചുകിട്ടുമെന്ന് നിക്ഷേപകരെ വിശ്വസിപ്പിച്ചാണ് തട്ടിപ്പ് നടത്തിയത്.

✪✪✪

മൂവാറ്റുപുഴ മണ്ണൂരിൽ തവിട് ലോറിയിൽ കടത്താൻ ശ്രമിച്ച 1850 ലിറ്റർ സ്പിരിറ്റ് എക്സൈസും പോലീസും ചേർന്ന് പിടി കൂടി. 35 ലിറ്ററിന്റെ 53 കന്നാസുകളിലായി ഒളിപ്പിച്ചാണ് സ്പിരിറ്റ് കടത്തിയത്. മലപ്പുറം സ്വദേശി ബാബു, തൃശ്ശൂർ സ്വദേശി വിനോദ് എന്നിവർ പിടിയിലായി.

✪✪✪

എഴുത്തുകാരൻ TP രാജീവൻ കേരളത്തിലെ സാംസ്ക്കാരിക - സാമൂഹിക - സാഹിത്യ രംഗത്തെ വേറിട്ട ശബ്ദമായിരുന്നെന്ന് ഡോ. ശശി തരൂർ MP അഭിപ്രായപ്പെട്ടു. കോഴിക്കോട് കോട്ടൂർ നവജീവൻ എജ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ TP രാജീവൻ അനുസ്മരണ പരിപാടി കൂട്ടാലിടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ. തരൂർ.

✪✪✪

കുന്നമംഗലത്ത് കോഴിക്കോട് റവന്യു ജില്ല ശാസ്ത്രോത്സവത്തിൽ കോഴിക്കോട് സിറ്റി ഉപജില്ല ഓവറോൾ ജേതാക്കളായി. മുക്കം ഉപജില്ലക്കാണ് രണ്ടാം സ്ഥാനം.

✪✪✪

കാസർകോട് RMS ഓഫീസ് കണ്ണൂർ നാഷണൽ സോർട്ടിങ് ഹബ്ബിൽ ലയിപ്പിക്കാനെടുത്ത തീരുമാനം പുന പരിശോധി ക്കണമെന്ന് ജില്ലാ വികസന സമിതി യോഗം ആവശ്യപ്പെട്ടു. കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം NA നെല്ലിക്കുന്ന് അവതരിപ്പിച്ച പ്രമേയത്തെ പിന്തുണച്ചു.

✪✪✪

പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ വന്ദേഭാരത് ട്രെയിൻ വൻ അപകടത്തിൽ നിന്ന് രക്ഷപ്പെട്ടു. നിർമ്മാണ പ്രവർത്തിയിൽ ഏർപ്പെട്ടിരുന്ന കോൺക്രീറ്റ് മിക്സിം വാഹനം ട്രെയിൻ കടന്ന് പോകുന്നതിനിടെ ട്രാക്കിലേക്ക് കയറുകയായിരുന്നു.